(12)

# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കോളേജ് പടന്നക്കാട്

നമ്പർ. ജി2-797/2024 തീയ്യതി: 15.11.2024

<u>പുന:ലേല /ക്വട്ടേഷൻ നോട്ടീസ്</u>

പടന്നക്കാട് കാർഷിക കോളേജിലെ കരുവാച്ചേരി അഗ്രിക്കൾച്ചർ ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II-ലെ അതിർത്തിയിൽ, ടി.കെ റോഡിനോട് ചേർന്ന് കിടക്കുന്ന കശുമാവ് തടികൾ താഴെ പറയുന്ന നിബന്ധനങ്ങൾക്ക് വിധേയമായി ക്വട്ടേഷൻ/ പരസ്യലേലം വഴി വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

| ഇനം | ചുറ്റളവ് | ഉയരം |
|---|---|---|
| കശുമാവ് | കട ഭാഗം - 1.7 മീ | 5-6 മീറ്റർ |
| | കട ഭാഗം - 1.4 മീ | |

<u>ക്വട്ടേഷൻ നിബന്ധനകൾ</u>

1. ക്വട്ടേഷൻ/ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തടികളുടെ വില എത്ര എന്ന് കവറിൽ അടക്കം ചെയ്ത് **"കശുമാവ് തടികൾ ലേലം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് കവറിനു മുകളിൽ എഴുതി **ഡീൻ, കാർഷിക കോളേജ്, പടന്നക്കാട്-671314,** സീൽ ചെയ്ത് ക്വട്ടേഷനുകൾ 26.11.2024-ാം രാവിലെ 11 മണിക്ക് മുൻപായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം രാവിലെ 11.30 മണിക്ക് ലേലം നടക്കുന്നതാണ്. 1,500/- രൂപ നിരതദ്രവ്യം (EMD) ആയി ഓഫീസിൽ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിച്ചവർ മാത്രം പരസ്യ ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
2. ക്വട്ടേഷൻ/ലേലം പരസ്യത്തിന്റെ അന്ന് സന്നിഹിതരായിരിക്കുന്ന ആളുകളുടെ സാന്നിദ്ധ്യത്തിൽ ഓഫീസിൽ വച്ച് പരസ്യ ലേലം നടത്തുന്നതും, അതിനു ശേഷം ക്വട്ടേഷൻ തുറക്കുന്നതും ആയിരിക്കും. ക്വട്ടേഷൻ/ലേലത്തിൽ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ ഡീനിനു തൃപ്തികരമെന്ന് തോന്നിയാൽ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും.
3. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ പാൻകാർഡ്, തിരിച്ചറിയൽ കാർഡ് (ഫോട്ടോ പതിപ്പിച്ചത്) ഹാജരാക്കേണ്ടതാണ്.
4. ക്വട്ടേഷൻ/ലേലം തുകയ്ക്ക് പുറമെ 18% ഉല്പന്ന സേവന നികുതിയും 5% വനവികസന നികുതിയും അടയ്ക്കേണ്ടതാണ്.
5. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി അറിയിപ്പ് ലഭിച്ച് 2 ദിവസത്തിനകം മൊത്തം തുക അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിരതദ്രവ്യം യൂണിവേഴ്സിറ്റിയിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. കൂടാതെ 5 ദിവസത്തിനുള്ളിൽ കശുമാവിൻ തടികൾ കൊണ്ടുപോകേണ്ടതാണ്.
6. ക്വട്ടേഷൻ/ലേലം തുറക്കുന്ന തീയതിയിൽ എന്തെങ്കിലും ബന്ദ്/പണിമുടക്ക് / അപ്രതീക്ഷിത അവധി ദിവസങ്ങൾ ഉണ്ടായാൽ, അടുത്ത പ്രവൃത്തി ദിവസം അതേ സമയം ക്വട്ടേഷൻ/ലേലം തുറക്കും . ക്വട്ടേഷൻ/ലേലം സ്വീകരിക്കുന്നതിൽ ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും .

-മറുപുറം-

വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് (ഫോൺ നം. 0467-2280616 എന്ന നമ്പറിൽ) അന്വേഷിക്കാവുന്നതാണ്. വിശദാംശങ്ങൾ കെ.എ.യു വെബ്സൈറ്റായ www.kau.edu/tenders- ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

നിരതദ്രവ്യം : 1,500/- രൂപ

ക്വട്ടേഷൻ നൽകേണ്ട അവസാന തീയതിയും, സമയവും : 26.11.2024, 11മണി

ക്വട്ടേഷൻ തുറക്കുന്ന തീയതിയും, സമയവും : 26.11.2024, 11.30 മണി

ഒപ്പ്/-
ഡോ.ടി സജിതാ റാണി
ഡീൻ

പകർപ്പ് :-

1. നോട്ടീസ് ബോർഡ് (കോളേജ് ഓഫീസ് / ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I & II)
2. വില്ലേജ് ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭ ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് )
4. പീലിക്കോട് പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം
5. കെ.എ.യു വെബ്സെറ്റ്
6. ശ്രീ. നജീബ് എം.ജെ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - ലേലം കമ്മിറ്റി കൺവീനർ
7. ഡോ. മണികണ്ഠൻ.എൻ., അസിസ്റ്റന്റ് പ്രൊഫസർ & ഇൻസ്ട്രക്ഷണൽ ഫാംയൂണിറ്റ് –II ചുമതലയുള്ള ഉദ്യോഗസ്ഥ
8. ശ്രീമതി. ഗീത എം, ഫാം മാനേജർ ഗ്രേഡ്–I, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II
9. എ2 സെക്ഷൻ

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ